(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുഭരണ വകുപ്പിൽനിന്നും പവർ ലിഫ്റ്റിംഗിൽ മികവുനേടിയ മൂന്ന് കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ലഭിച്ചിട്ടില്ല.

സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ്

26 (7583) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ് പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പട്ടിക തയ്യാറാക്കിയ രീതി വിശദമാക്കാമോ ;

(സി) ഈ പട്ടികയെ സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ അവസരം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സെൻസസ് പട്ടിക പരിശോധിക്കുവാൻ പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പട്ടിക പരിശോധിക്കുന്നതിന് പലതരത്തിലുള്ള വൈഷമ്യങ്ങൾ നേരിടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) സെൻസസ് പട്ടിക പൊതുജനങ്ങൾക്ക് വ്യക്തമായി പരിശോധിക്കാൻ അവസരം നൽകുകയും അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏകീകൃതമായി പരാതി സ്വീകരിക്കുന്നതിനും സമയബന്ധിതമായി അവ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടന്നുവരുന്ന സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള കരട് ലിസ്റ്റ് തയ്യാറാക്കി 2014 മെയ് 19-ന് പ്രസിദ്ധീകരിച്ചു.

(ബി) കേന്ദ്രസർക്കാർ നിദ്ദേശാനുസരണമാണ് ഭാരതത്തിലാകമാനം ഈ സെൻസസ് പ്രക്രിയ നടന്നത്. ദേശീയ ജനസംഖ്യാ രജിസ്റ്ററിനുവേണ്ടി സെൻസസ് ഡയറക്ടർ തയ്യാറാക്കിയ എന്യൂമറേഷൻ ബ്ലോക്കടിസ്ഥാനത്തിലുള്ള വീട് വിവരപ്പട്ടികയാണ് സെൻസസിന് ആധാരമാക്കിയത്. ഒരു കടലാസ് രഹിത സെൻസസാണ് കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിരുന്നത്. ഈ ഉദ്ദേശത്തോടെ ടാബ്ലറ്റ് പി.സി.-കൾ ഉപയോഗിച്ചാണ് വിവരശേഖരണം നടത്തിയത്. എന്യൂമറേഷൻ നടത്തുന്ന എന്യൂമറേഷൻ ബ്ലോക്കുകളുടെ കുടുംബ വിവരങ്ങൾ ടാബ്ലറ്റ് പി.സി. യിൽ ലോഡ് ചെയ്യുകയും, ഈ കുടുംബ വിവരങ്ങൾക്കു നേരെ അവരുടെ സാമൂഹ്യ സാമ്പത്തിക ജാതി വിവരങ്ങൾകൂടി ശേഖരിക്കുക യുമായിരുന്നു അനുവർത്തിച്ചിരുന്നരീതി. വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ എന്യൂമറേഷൻ ബ്ലോക്കിലെയും വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ സർവ്വറിലേക്ക് അപ് ലോഡ് ചെയ്തു. മുഴുവൻ എന്യൂമറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്കിലെയും വിവരങ്ങൾ സർവ്വറിലേക്ക് അപ് ലോഡ് ചെയ്തശേഷം ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് രൂപപ്പെടുത്തിയ സോഫ്റ്റ് വെയറിന്റെ അടിസ്ഥാനത്തിൽ ആളുകളുടെ മതം, ജാതി വിവരങ്ങൾ ഒഴികെയുള്ള വിവരങ്ങൾ ഉൾപ്പെടുന്ന കരട് ലിസ്റ്റ് ജനറേറ്റ് ചെയ്ത് ലഭ്യമാക്കിയാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

(സി) കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനും പരാതികൾ സ്വീകരിച്ച് പരിഹരിച്ചശേഷം അന്തിമ ലിസ്റ്റ് തയ്യാറാക്കാനുമാണ് ലക്ഷ്യമിടുന്നത്. ലിസ്റ്റ് പ്രസിദ്ധീകരിച്ച് 21 ദിവസത്തിനകം പരാതികൾ സമർപ്പിക്കുവാനാണ് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ ലിസ്റ്റ് പരിശോധനയ്ക്ക് കൂടുതൽ സമയം ആവശ്യമായതിനാൽ പരാതി സ്വീകരിക്കുന്നതിനുള്ള തീയതികൾ ദീർഘിപ്പിച്ച് നൽകണമെന്ന് തദ്ദേശസ്ഥാപനങ്ങൾ ആവശ്യപ്പെട്ട പ്രകാരം പരാതികൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 2014 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ലിസ്റ്റ് പ്രസിദ്ധീകരണ തീയതി മുതൽ 10 ദിവസത്തിനകം ഗ്രാമസഭകൾ വിളിച്ചുകൂട്ടി ലിസ്റ്റ് പൊതുജന പരിഗണനയ്ക്കായി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സർക്കാർ ഈ തീയതിയും 40 ദിവസംവരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിനും ഔദ്യോഗിക വിജ്ഞാപനം ഉണ്ടാകേണ്ടിയിരിക്കുന്നു.

(ഡി) ഗ്രാമസഭകളിൽ കരട് ലിസ്റ്റ് പൊതുജന പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണ്. കൂടാതെ തദ്ദേശസ്ഥാപനങ്ങളിലും ലിസ്റ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ലിസ്റ്റിൽ വീട്ടുപേര് ഇല്ലാത്തതിനാൽ കുടുംബത്തിന് ലിസ്റ്റ് പരിശോധന ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കൂടാതെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ കോഡ് രൂപത്തിൽ നൽകിയിട്ടുള്ളതും ബുദ്ധിമുട്ടുണ്ടാക്കുന്നു.

(എഫ്) ലിസ്റ്റ് പരിശോധിക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ചാണ് കേരള സർക്കാർ കൂടുതൽ സമയം ഇതിനായി നൽകിയിരിക്കുന്നത്. ലിസ്റ്റിൽ ഇതുവരെ ചൂണ്ടിക്കാണിക്കപ്പെട്ട എല്ലാ അപാകതകളും പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപന ജനപ്രതിനിധികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ അന്തിമലിസ്റ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം നൽകാതിരുന്നതിനെതിരെയുള്ള പരാതി

27 (7584) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ 2009-ൽ 1050/(4)/എസ്.ഐ.സി./09 എന്ന നമ്പരിൽ ഒരു അപ്പീൽ പരാതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ 3-2-2011-ൽ 9819/എസ്.ഐ.സി./ജിഇഎൻ1/09 എന്ന ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly